**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 136** **05-07-2022 - ൽ മറുപടിയ്ക്ക്**

**ട്രാൻസ്ജെൻഡറുകൾക്കായുള്ള ക്ഷേമ പ്രവർത്തനങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. പി.വി. ശ്രീനിജിൻ,<br>ശ്രീമതി യു പ്രതിഭ ,<br>ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ,<br>ശ്രീ. കെ. പ്രേംകുമാർ** | | **ഡോ. ആർ ബിന്ദു<br>(ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്ത് ട്രാൻസ്ജെൻഡറുകൾക്കായുള്ള ക്ഷേമ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനായി പ്രത്യേക ആക്ഷൻ പ്ലാൻ തയ്യാറാക്കിയിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ; | (എ) | ഉണ്ട്. ട്രാൻസ്ജെൻഡർ സമൂഹത്തിന്റെ ഉന്നമനത്തിനും ക്ഷേമ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനും വേണ്ടി 'മഴവില്ല്' എന്ന പേരിൽ സാമൂഹ്യനീതി വകുപ്പിന്റെ നേതൃത്വത്തിൽ ഒരു സമഗ്ര പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നുണ്ട്. ട്രാൻസ്ജെൻഡർ സമൂഹത്തെക്കുറിച്ചും അത്തരം വ്യക്തികൾ അനുഭവിക്കുന്ന ശാരീരിക മാനസിക സംഘർഷത്തെ കുറിച്ചും പൊതു ഇടങ്ങളിൽ അനുഭവിക്കേണ്ടിവരുന്ന വിവേചനപരമായ ഇടപെടലുകൾ ലഘൂകരിക്കുന്നതിനും പൊതു സമൂഹത്തിൽ നിലനിൽക്കുന്ന തെറ്റിദ്ധാരണകൾ മാറ്റുന്നതിനും വേണ്ട ഇടപെടലുകൾ സാമൂഹ്യനീതി വകുപ്പ് മുഖേന നടന്നുവരുന്നുണ്ട്. സംസ്ഥാനത്ത് നിലവിലുള്ള ട്രാൻസ്ജെൻഡർ നയത്തിന്റെ അടിസ്ഥാനത്തിൽ സമഗ്രമായ ആക്ഷൻ പ്ലാൻ രൂപീകരിക്കുകയും, ആയത് പ്രകാരം മഴവിൽ പദ്ധതിയുടെ ഭാഗമായി ട്രാൻസ്ജൻഡർ വ്യക്തികളുടെ സമഗ്ര പുരോഗതി ലക്ഷ്യമാക്കി വിവിധ ക്ഷേമ പദ്ധതികൾ, പ്രവർത്തനങ്ങൾ എന്നിവ നടപ്പിലാക്കി വരുന്നുണ്ട്.<br><br>ട്രാൻസ്ജെൻഡർ മേഖലയിലെ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിന് സംസ്ഥാനതലത്തിൽ ഒരു ട്രാൻസ്ജെൻഡർ സെൽ രൂപീകരിച്ച് പ്രവർത്തിച്ചുവരുന്നു. ട്രാൻസ്ജെൻഡർ വ്യക്തികളെ സമൂഹത്തിന്റെ മുഖ്യധാരയിലേക്ക് എത്തിക്കുക എന്ന ലക്ഷ്യം മുൻനിർത്തി സാമൂഹ്യനീതി വകുപ്പിനു കീഴിൽ സംസ്ഥാന ട്രാൻസ്ജെൻഡർ ജസ്റ്റിസ് ബോർഡ്, ജില്ലാതല ട്രാൻസ്ജെൻഡർ ജസ്റ്റിസ് കമ്മിറ്റികൾ എന്നിവ രൂപീകരിക്കുകയും അവയുടെ പ്രവർത്തനം |

| | | | |
|---|---|---|---|
| | | | നടന്നു വരികയും ചെയ്യുന്നുണ്ട്. ആക്ഷൻ പ്ലാനിന്റെ അടിസ്ഥാനത്തിൽ സംസ്ഥാനത്ത് നടപ്പിലാക്കിവരുന്ന ട്രാൻസ്ജെൻഡർ ക്ഷേമപദ്ധതികളുടെ/ പ്രവർത്തനങ്ങളുടെ വിശദാംശങ്ങൾ അനുബന്ധം I -ആയി ചേർത്തിട്ടുണ്ട്. |
| (ബി) | വീട്ടിൽ നിന്ന് പുറത്താക്കപ്പെട്ട നിരാലംബരായ ട്രാൻസ്ജെൻഡറുകൾക്ക് സ്വന്തമായി ജീവിതോപാധി കണ്ടെത്തുന്നതിനും ട്രാൻസ്ജെൻഡറുകളെ സമൂഹത്തിൽ അംഗീകാരം ലഭിക്കുന്ന തൊഴിൽ ചെയ്ത് ജീവിക്കാൻ പ്രാപ്തരാക്കുന്നതിനുമുള്ള പ്രത്യേക പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകാമോ? | (ബി) | വീട്ടിൽനിന്ന് പുറത്താക്കപ്പെട്ട നിരാലംബരായ ട്രാൻസ്ജെൻഡറുകൾക്ക് സ്വന്തമായി ജീവിതോപാധി കണ്ടെത്തുന്നതിനും ട്രാൻസ്ജെൻഡറുകളെ സമൂഹത്തിൽ അംഗീകാരം ലഭിയ്ക്കുന്ന തൊഴിൽ ചെയ്തു ജീവിക്കാൻ പ്രാപ്തരാക്കുന്നതിനുമുള്ള പ്രത്യേക പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ട്. പദ്ധതികളുടെ വിശദാംശം അനുബന്ധം II- ആയി ചേർത്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

## നിരാലംബരായ ട്രാൻസ്ജൻഡറുകൾക്ക് സമൂഹത്തിൽ അംഗീകാരം ലഭിക്കുന്ന തൊഴിൽ ചെയ്ത് ജീവിക്കാൻ പ്രാപ്തരാക്കുന്നതിനുള്ള പ്രത്യേക പദ്ധതികൾ സംബന്ധിച്ചുള്ള വിശദാംശങ്ങൾ

### 1. സാകല്യം പദ്ധതി

ട്രാൻസ്ജെൻഡർ വ്യക്തികൾക്ക് അവരുടെ അഭിരുചിക്കനുസരിച്ച് തൊഴിൽ പരിശീലനം നൽകി സ്വയം പ്രാപ്തരാക്കി ജീവിക്കുന്നതിനു സന്ദർഭമൊരുക്കുക എന്ന ലക്ഷ്യത്തോടെ ആരംഭിക്കുന്ന പദ്ധതിയാണ് "സാകല്യം". കേരള യൂത്ത് ലീഡർഷിപ്പ് അക്കാദമി മുഖേന നടപ്പിലാക്കുന്ന പദ്ധതിയിൽ തൊഴിൽ സാധ്യതയും ഉറപ്പുവരുത്തുന്നു.

### 2. വനിതാ വികസന കോർപ്പറേഷൻ വഴി സ്വയം തൊഴിലിനുള്ള വായ്പ പദ്ധതി

ട്രാൻസ്ജെൻഡർ വ്യക്തികൾക്ക് വ്യക്തിപരമായോ, സംഘം ചേർന്നോ തൊഴിൽ സംരംഭം തുടങ്ങുന്നതിനായിയുള്ള പദ്ധതിയാണ് ഇത്. കേരള സംസ്ഥാന വനിതാ വികസന കോർപ്പറേഷൻ മുഖേനയാണ് പദ്ധതി നടപ്പിലാക്കി വരുന്നത്. ടി പദ്ധതി പ്രകാരം 14 ട്രാൻസ്ജെൻഡർ വ്യക്തികൾക്കും 1 ഗ്രൂപ്പിനും മുഴവൻ തുകയും 5 പേർക്ക് ആദ്യ ഗഡുവും ധനസഹായം അനുവദിച്ചിട്ടുണ്ട്.

### 3. സംരംഭകത്വ വികസന പരിശീലന പരിപാടി

ട്രാൻസ്ജെൻഡർ വ്യക്തികൾക്ക് സ്വയം തൊഴിൽ സംരംഭങ്ങൾ ആരംഭിക്കുന്നതിന് വേണ്ട മാർഗനിർദ്ദേശങ്ങൾ, വിവിധമേഖലകളിലെ തൊഴിൽ ലഭ്യത സംബന്ധിച്ച വിവരങ്ങൾ, ബിസിനസ് പ്ലാൻ തയ്യാറാക്കൽ, വായ്പാ ലഭ്യത സംബന്ധിച്ച വിവരങ്ങൾ തുടങ്ങി തൊഴിൽ സംബന്ധമായ വിവരങ്ങൾ ഉൾപ്പെടുന്ന സംരംഭകത്വ വികസന പരിശീലന പദ്ധതി സംസ്ഥാനത്ത് നടപ്പിലാക്കിയിട്ടുണ്ട്.

### 4. എക്കണോമിക് എംപവർമെന്റ് ഹബ്ബ് (E2 HUB)

സംസ്ഥാന സാമൂഹ്യ നീതി വകുപ്പിന്റെ നേതൃത്വത്തിൽ കേരള സംസ്ഥാന സാമൂഹ്യ ക്ഷേമ ബോർഡ് മുഖേന എക്കണോമിക് എംപവർമെന്റ് ഹബ്ബ് (E2 HUB) എന്ന പേരിൽ കരിയർ കൗൺസിലിംഗ് നൽകുന്ന പദ്ധതി നടപ്പിലാക്കിയിരുന്നു. ട്രാൻസ്ജെൻഡർ വ്യക്തികളെ സാമ്പത്തികമായും, തൊഴിൽപരമായും, സാമൂഹികമായും ശാക്തീകരിക്കുക എന്നതായിരുന്നു പദ്ധതിയുടെ പ്രധാന ലക്ഷ്യം.

### 5. സ്വയം തൊഴിൽ ധനസഹായം പദ്ധതി

ട്രാൻസ്ജെൻഡർ വ്യക്തികൾക്ക് സ്വയംതൊഴിൽ സംരംഭങ്ങൾ ആരംഭിയ്ക്കുന്നതിലേയ്ക്കായി ഒരു വ്യക്തിയ്ക്ക് 50000/-രൂപാ വീതം ധനസഹായം അനുവദിയ്ക്കുന്ന പദ്ധതി വകുപ്പ് ആവിഷ്കരിച്ച് നടപ്പാക്കിയിരുന്നു.

## 6. ഡ്രൈവിംഗ് പരിശീലനം

ഒരു ജില്ലയിൽ 5 വീതം ട്രാൻസ്ജെൻഡർ വ്യക്തികൾക്ക് ഡ്രൈവിംഗ് പരിശീലനം നൽകുക എന്നതായിരുന്നു പദ്ധതിയുടെ ലക്ഷ്യം ഇതിൻ പ്രകാരം 14 ജില്ലകളിലും അപേക്ഷ സ്വീകരിക്കുകയും ജില്ലാ ട്രാൻസ്ജെൻഡർ ജസ്റ്റിസ് ബോർഡുകളുടെ അംഗീകാരത്തോടെ ഗുണഭോക്താക്കളുടെ ലിസ്റ്റ് തയ്യാറാക്കുകയും ആയത് പ്രകാരം പദ്ധതി നടപ്പിലാക്കുകയും ചെയ്തിരുന്നു.

## 7. തയ്യൽ മെഷീൻ വിതരണ പദ്ധതി

സംസ്ഥാനത്ത് 36 ട്രാൻസ്ജെൻഡർ വ്യക്തികൾക്ക് തയ്യൽ മെഷീൻ വിതരണം ചെയ്തിട്ടുണ്ട്.

## 8. ബ്യൂട്ടീഷൻ പരിശീലന പദ്ധതി

കേരളത്തിലെ ട്രാൻസ്ജെൻഡർ വ്യക്തികളുടെ അഭിരുചിയ്ക്ക് അനുസൃതമായി വകുപ്പിന്റെ നേതൃത്വത്തിൽ 100 ട്രാൻസ്ജെൻഡർ വ്യക്തികൾക്ക് പ്രസ്തുത പരിശീലനം നൽകി തൊഴിൽ സാധ്യത ഉറപ്പാക്കിയിട്ടുണ്ട്.

സെക്ഷൻ ഓഫീസർ

## സംസ്ഥാനത്ത് നടപ്പിലാക്കിവരുന്ന ട്രാൻസ്ജെൻഡർ ക്ഷേമപദ്ധതികളുടെ/ പ്രവർത്തനങ്ങളുടെ വിശദാംശങ്ങൾ

### 1. ഹെല്പ് ലൈൻ

സംസ്ഥാനത്ത് സാമൂഹ്യനീതി വകുപ്പിന്റെ മേൽനോട്ടത്തിൽ ട്രാൻസ്ജെൻഡർ ഹെല്പ് ലൈൻ പ്രവർത്തിച്ചു വരുന്നുണ്ട്.

### 2. ട്രാൻസ്ജെൻഡർ സ്കോളർഷിപ്പ്

നിലവിൽ സ്കൂളുകളിൽ / കോളേജുകളിൽ പഠനം നടത്തിക്കൊണ്ടിരിക്കുന്ന ട്രാൻസ്ജെൻഡർ വ്യക്തികൾക്ക് 7 ാം ക്ലാസ്സ് മുതൽ വിദ്യാഭ്യാസ സ്കോളർഷിപ്പ് നൽകുന്ന പദ്ധതി നടപ്പിലാക്കി വരുന്നുണ്ട്.

### 3. സമന്വയ തുടർവിദ്യാഭ്യാസ പദ്ധതി

അദൃശ്യവൽക്കരിക്കപ്പെട്ടവരെ ദൃശ്യരാക്കി മാറ്റുവാൻ തുടർവിദ്യാഭ്യാസത്തിലൂടെ അവസരമൊരുക്കുന്ന പ്രസ്തുത പദ്ധതി, 'സമന്വയ' എന്നപേരിൽ സാക്ഷരത മിഷനുമായി ബന്ധപ്പെട്ട് നടപ്പിലാക്കിവരുന്നുണ്ട്. അടിസ്ഥാന സാക്ഷരത, നാലാം തരം, എഴാം തരം, പത്താം തരം, പന്ത്രണ്ടാം തരം എന്നീ വിദ്യാഭ്യാസ പദ്ധതികൾ ആണ് നടപ്പിലാക്കി വരുന്നത്. പഠിതാക്കൾക്ക് വിദ്യാഭ്യാസ സഹായവും താമസസൗകര്യവും ഇതോടൊപ്പം നടപ്പിലാക്കി വരുന്നുണ്ട്.

### 4. ബോധവല്ക്കരണ പരിപാടികൾ

ഭരണഘടന അനുശാസിക്കുന്ന മൗലികാവകാശങ്ങൾ ട്രാൻസ്ജെൻഡർ വ്യക്തികൾക്കും ലഭിക്കേണ്ടതാണ്. സംസ്ഥാനത്താകമാനം പോലീസ് ഉദ്യോഗസ്ഥരെയും, സർക്കാർ ജീവനക്കാരെയും, അധ്യാപകരെയും ഉൾപ്പെടുത്തി ബോധവൽക്കരണ പരിപാടികൾ ജില്ലാതലത്തിൽ നടന്നുവരുന്നുണ്ട്. സംസ്ഥാനത്തെ 14 ജില്ലകളിൽ നിന്നും 5 സ്കൂളുകളും കോളേജുകളും തിരഞ്ഞെടുത്തു വിദ്യാർത്ഥികൾക്കും അദ്ധ്യാപകർക്കും ബോധവൽക്കരണ പരിപാടികൾ നടത്തിവരുന്നുണ്ട്.

### 5. കെയർ ഹോം/സേഫ് റ്റി ഹോമുകൾ

കെയർ ഹോം /സേഫ്റ്റി ഹോമുകൾ കേരളത്തിലെ വിവിധ NGO യുടെ കീഴിൽ പ്രവർത്തിച്ചു വരുന്നുണ്ട്. ക്രൈസിസിൽ അകപ്പെട്ട ട്രാൻസ് ജെൻഡർ വ്യക്തികൾക്കും, എസ് ആർ എസ് സർജറി കഴിഞ്ഞ ട്രാൻസ് ജെൻഡർ വ്യക്തികളുടെ പരിചരണത്തിനും വേണ്ടിയാണ് പ്രധാനമായും ഷോർട്ട് സ്റ്റേ ഹോമുകൾ നിലവിൽ പ്രവർത്തിച്ചു വരുന്നത്. നിലവിൽ 2 ഹോമുകളാണ് സംസ്ഥാനത്ത് പ്രവർത്തിച്ചു വരുന്നത്.

### 6. സീറോ എച്ച്.ഐ.വി സർവൈലൻസ് സെന്റർ

സംസ്ഥാനത്ത് ആകമാനമുള്ള ട്രാൻസ്ജൻഡർ സമൂഹത്തിന് തൊഴിൽ മേഖലയിലെ പിന്നോക്കാവസ്ഥ കാരണം സമൂഹം അംഗീകരിക്കാത്ത പല തൊഴിലുകളും ചെയ്യുന്നതിന് പ്രേരിപ്പിക്കുന്ന സാഹചര്യം നിലവിലുണ്ട്. അത്തരം**സെക്ഷൻ ഓഫീസർ** തൊഴിൽ ചെയ്യേണ്ടിവരുന്നവരിൽ HIV ഉൾപ്പെടെ പല ആരോഗ്യപ്രശ്നങ്ങളും കണ്ടുവരുന്നുണ്ട്. ഈ സാഹചര്യത്തിൽ HIV വിമുക്തമായ ഒരു സമൂഹം കെട്ടിപ്പടുക്കുക എന്ന ലക്ഷ്യത്തോടെ കേരള സംസ്ഥാന സാമൂഹ്യ ക്ഷേമ ബോർഡ് വഴി പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്.

## 7. കരുതൽ

അവിചാരിതമായ പ്രതിസന്ധികൾ, അപകടങ്ങൾ, പെട്ടെന്നുണ്ടാകുന്ന അസുഖങ്ങൾ, പ്രകൃതി ദുരന്തങ്ങൾ തുടങ്ങിയ അടിയന്തിര ഘട്ടങ്ങളിൽ ഉടൻ പരിഹാരം കണ്ടെത്തുന്നതിനും ആയതിലേക്ക് ആവശ്യമായ ധനസഹായം അനുവദിക്കുന്നതിനുമാണ് കരുതൽ പദ്ധതി ലക്ഷ്യമാക്കുന്നത്.

## 8. വർണം

വിദൂര വിദ്യാഭ്യാസം നടത്തുന്ന വിദ്യാർഥികൾക്ക് പ്രതിവർഷം 24000/- (ഇരുപത്തി നാലായിരം) രൂപ നിരക്കിൽ പി ജി വിദ്യാർത്ഥികൾക്ക് 2 വർഷ കാലയളവിലേയ്ക്കും യു.ജി വിദ്യാർഥികൾക്ക് 3 വർഷ കാലയളവിലേയ്ക്കും തുക അനുവദിക്കുന്നു.

## 9. സഫലം

ഡിഗ്രി/ഡിപ്ലോമ തലത്തിലുള്ള പ്രൊഫഷണൽ കോഴ്സുകളിൽ പ്രവേശനം നേടിയിട്ടുള്ള ട്രാൻസ് ജെൻഡർ വിദ്യാർഥികൾക്കായാണ് 'സഫലം' എന്ന പദ്ധതി ആരംഭിച്ചിരിക്കുന്നത്. അർഹരായ ട്രാൻസ്ജെൻഡർ വിദ്യാർഥികൾക്ക് മെച്ചപ്പെട്ട പഠന സാഹചര്യങ്ങൾ ഒരുക്കുന്നതിനായി ടി പദ്ധതി ലക്ഷ്യമിടുന്നു.പരമാവധി ഒരു ലക്ഷം രൂപ വരെയാണ് വാർഷിക പഠന ചെലവിനായി അനുവദിക്കുന്നത്.

## 10. വിവാഹ ധനസഹായ പദ്ധതി

നിയമപരമായി വിവാഹിതരായ ട്രാൻസ് ജെൻഡർ ദമ്പതികൾക്കോ,ഒരാൾ മാത്രം ട്രാൻസ് ജെൻഡർ ആയിട്ടുള്ള ദമ്പതികൾക്കോ 30,000/- രൂപ (മുപ്പതിനായിരം രൂപ മാത്രം) വിവാഹധനസഹായമായി അനുവദിക്കുന്ന പദ്ധതിയാണ് ഇത്.

## 11. ലിംഗമാറ്റ ശസ്ത്രക്രിയ ധനസഹായം

ലിംഗമാറ്റശസ്ത്രക്രിയയ്ക്ക് വിധേയരാകുന്ന ട്രാൻസ്ജെൻഡർ വ്യക്തികൾക്ക് (ട്രാൻസ് വുമൺ പരമാവധി 2.5 ലക്ഷം രൂപയും ട്രാൻസ് മാൻ പരമാവധി 5 ലക്ഷം രൂപയും) ധനസഹായം നൽകുന്ന പദ്ധതിയാണ് ഇത്.

## 12. SRS തുടർ ചികിത്സ ധനസഹായം

സങ്കീർണമായ ശസ്ത്രക്രിയയ്ക്ക് അനുബന്ധമായി ലഭിക്കേണ്ട കൗൺസിലിംഗ് സേവനങ്ങൾ, തുടർചികിത്സ, വിശ്രമ കാലയളവിലെ ഭക്ഷണവും മറ്റു ദൈനംദിന ചിലവുകളും എന്നിവയ്ക്ക് ഒരു വർഷക്കാലയളവിലേയ്ക്ക് (12 മാസങ്ങൾ) പ്രതിമാസം 3000/- രൂപ ക്രമത്തിൽ ധനസഹായം അനുവദിക്കുന്ന പദ്ധതിയാണിത്.

## 13. എക്കണോമിക് എംപവർമെന്റ് ഹബ്ബ് (E2 HUB)

പാർശ്വവൽക്കരിക്കപ്പെട്ട ജനവിഭാഗത്തിൽ നിന്നും സമൂഹത്തിന്റെ മുഖ്യധാരയിലേക്ക് ട്രാൻസ്ജെൻഡർ വ്യക്തികളെ എത്തിക്കുന്നതിന്റെ ഭാഗമായി അവരുടെ വിദ്യാഭ്യാസ യോഗ്യതയ്ക്കും അഭിരുചിക്കും അനുസരിച്ചുള്ള തൊഴിൽ കണ്ടെത്തി ജീവിതം നിലവാരം മെച്ചപ്പെടുത്തുന്നതിനായി സംസ്ഥാന സാമൂഹ്യ നീതി വകുപ്പിന്റെ നേതൃത്വത്തിൽ കേരള സംസ്ഥാന സാമൂഹ്യ ക്ഷേമ ബോർഡ് മുഖേന എക്കണോമിക് എംപവർമെന്റ് ഹബ്ബ്(E2 HUB) എന്ന പേരിൽ കരിയർ കൗൺസിലിംഗ് നൽകുന്ന പദ്ധതി നടപ്പിലാക്കിയിരുന്നു. ട്രാൻസ്ജെൻഡർ വ്യക്തികളെ സാമ്പത്തികമായും, തൊഴിൽപരമായും, സാമൂഹികമായും ശാക്തീകരിക്കുക എന്നതായിരുന്നു പദ്ധതിയുടെ പ്രധാന ലക്ഷ്യം. പ്രസ്തുത പദ്ധതിയിലൂടെ നിരവധി ട്രാൻസ് ജെൻഡർ വ്യക്തികൾക്ക് കരിയർ കൗൺസിലിംഗ് നൽകുവാനും, സ്വകാര്യ മേഖലയിൽ നിരവധി തൊഴിൽ സാധ്യതകൾ ഉറപ്പാക്കുവാനും സാധിച്ചിട്ടുണ്ട്.

**സെക്ഷൻ ഓഫീസർ**